(എഫ്) തീരുമാനിച്ചിട്ടുണ്ട്. പദ്ധതി തുടർന്ന് നടത്താനുള്ള അംഗീകാരത്തിനായി സർവകലാശാല ഭരണസമിതി ഇക്കാര്യം പരിഗണിച്ചുവെങ്കിലും അംഗീകാരം കൊടുക്കേണ്ടെന്ന് തീരുമാനിച്ചു.

## കാസർഗോഡ് ജില്ലയിലെ പട്ടണക്കാട് കാർഷിക കോളേജിന്റെ പ്രവർത്തനം

98 [3379] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടണക്കാട് കാർഷിക കോളേജ് പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ അനുവദിക്കപ്പെട്ട അസോസിയേറ്റ് പ്രൊഫസർമാരുടേയും ജീവനക്കാരുടേയും എണ്ണം എത്രയാണ് എന്നും നിലവിൽ എത്ര പേരുടെ സേവനം ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട തസ്തികകളിൽ ഒഴിവുകൾ ഉണ്ടായിട്ടും നിയമനം നടത്താത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ഡി) കോളേജിന്റെ ആരംഭം മുതൽ അനുവദിക്കപ്പെട്ട ഫണ്ട് എത്രയാണെന്ന് ഓരോ വർഷത്തേയും പ്രത്യേകമായി വ്യക്തമാക്കാമോ;

(ഇ) നടപ്പു വർഷത്തിൽ അനുവദിക്കപ്പെട്ട ഫണ്ടിൽ മുൻകാല ഫണ്ടിൽനിന്നും കുറവു വരുത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഫണ്ടിൽ കുറവ് വരുത്തുവാൻ പ്രത്യേകിച്ച് എന്തെങ്കിലും കാരണം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ജി) ഫണ്ട് വെട്ടിച്ചുരുക്കിയും ആവശ്യത്തിന് ടീച്ചിംഗ് അദ്ധ്യാപകരേയും മറ്റു ജീവനക്കാരെയും നിയമിക്കാതെയും കാർഷിക കോളേജ് അടച്ചുപൂട്ടാനുള്ള എന്തെങ്കിലും ഗൂഢാലോചന നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) 1994-ൽ

(ബി) 10 പ്രൊഫസർ തസ്തികകളും 13 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും 9 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും 36 മറ്റ് ജീവനക്കാരുടെ തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ 27 അദ്ധ്യാപകരുടേയും 29 മറ്റ് ജീവനക്കാരുടേയും സേവനം ലഭ്യമാണ്.

(സി) കാർഷിക സർവകലാശാലയിൽ ആവശ്യത്തിലധികം ജീവനക്കാരുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ടു ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 19-9-2001-ൽ കൂടിയ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ നിർദ്ദേശം അനുസരിച്ചാണ് നിയമനം നടത്താത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോളേജിന്റെ ആരംഭം മുതൽ പ്രതിവർഷം അനുവദിക്കപ്പെട്ട ഫണ്ട് താഴെ കൊടുക്കുന്നു:

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 1994-95 | 144.450 |
| 1995-96 | 423.740 |
| 1996-97 | 364.539 |
| 1997-98 | 122.220 |
| 1998-99 | 178.013 |
| 1999-2000 | 197.289 |
| 2000-2001 | 254.297 |
| 2001-2002 | 135.172 |
| 2002-2003 | 148.532 |

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല.

## ഗ്രാമപ്രദേശങ്ങളിലെ കന്നുകാലി വളർത്തൽ

99 [3380] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും കന്നുകാലിവളർത്തൽ മേഖല വഹിക്കുന്ന പങ്ക് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാർഷിക മേഖലയുമായി സംയോജിപ്പിച്ചുകൊണ്ട് ഈ മേഖലയെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഈ രീതിയിൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് അതിപ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ ഇത് സംബന്ധമായ ഒരു സമഗ്രപഠനം ഇതുവരെ നടത്തിയിട്ടില്ല.

(ബി, സി) ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly